**പതിമൂന്നാം കേരള നിയമസഭ**

**പന്ത്രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2598 10.12.2014-ൽ മറുപടിക്ക്**

**താനൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി** | **ശ്രീ. വി.എസ്. ശിവകുമാർ**<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) താനൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ കിടത്തി ചികിത്സിക്കാൻ സൗകര്യമുണ്ടായിട്ടും രാത്രി കാലങ്ങളിൽ ജോലി ചെയ്യുന്നതിന് ഡോക്ടർമാരെ നിയമിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) താനൂർ സി.എച്ച്.സി-യിൽ അഞ്ച് അസിസ്റ്റന്റ് സർജന്മാരുടെ തസ്തിക മാത്രമാണ് നിലവിലുള്ളത്. കിടത്തി ചികിത്സ നടക്കുന്നുണ്ട്. കൂടാതെ രാത്രിയിൽ ഓൺകോൾ ഡ്യൂട്ടിയിൽ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കി യിട്ടുണ്ട്. |
| (ബി) രാത്രി ഡ്യൂട്ടിക്ക് ഡോക്ടർമാരെ നിയമിക്കുന്ന കാര്യം പരിഗണിക്കുമോ; | (ബി) താനൂർ സി.എച്ച്.സി-യിൽ കാഷ്വാലിറ്റി മെഡിക്കൽ ഓഫീസറുടെ തസ്തിക നിലവിലില്ല. താലൂക്കാശുപത്രി തലം മുതൽ മാത്രമാണ് കാഷ്വാലിറ്റി മെഡിക്കൽ ആഫീസറുടെ തസ്തിക അനുവദിച്ചിട്ടുള്ളത്. |
| (സി) സ്ത്രീകളും കുട്ടികളും ഏറെ ആശ്രയിക്കുന്ന പ്രസ്തുത ഹെൽത്ത് സെന്ററിൽ ഒരു ഗൈനക്കോളജിസ്റ്റിനെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (സി) താനൂർ സി.എച്ച്.സി-യിൽ നിലവിൽ സ്പെഷ്യലിസ്റ്റ് തസ്തിക സൃഷ്ടിച്ചിട്ടില്ല. സർക്കാരിന്റെ ധനസ്ഥിതി തൃപ്തികരമല്ലാത്തതിനാൽ പ്രസ്തുത ആവശ്യം ഇപ്പോൾ പരിഗണിക്കാ നാവില്ല. |

Sobhey

സെക്ഷൻ ഓഫീസർ